"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസനവകുപ്പ്- ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് (സൗത്ത് സോൺ) റിജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ഇ.ആർ.സുനിൽകുമാറിനെ പട്ടികവർഗ വികസന വകുപ്പിൽ വയനാട് ജില്ലയിലെ ക്ലാർക്ക്/വാർഡൻ തസ്തികയിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം നൽകി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

G.O.(Ms)No.9/2026/SCSTD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- 1. 06.02.2013 ലെ G.O. (P) No. 05/2013/P&ARD ഉത്തരവ്.

2. ശ്രീ.ഇ.ആർ.സുനിൽകുമാറിന്റെ 02.12.2025 ലെ അപേക്ഷ.

3. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 23.12.2025 ലെ 4665/2025/DIMS(1) നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.

4. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 24.02.2026-ലെ STDD/469/2026-E6 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് (സൗത്ത് സോൺ) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. ഇ.ആർ. സുനിൽകുമാറിന് പട്ടികവർഗ വികസന വകുപ്പിൽ വയനാട് ജില്ലയിലെ ക്ലാർക്ക്/വാർഡൻ തസ്തികയിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു.ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നിന്നും വിടുതൽ ചെയ്യുവാൻ സമ്മതമാണെന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ പരാമർശം(2) പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് (സൗത്ത് സോൺ) റിജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ഇ.ആർ . സുനിൽ കുമാർ - നെ **പട്ടികവർഗ വികസന വകുപ്പിൽ വയനാട് ജില്ലയിലെ ക്ലാർക്ക്/വാർഡൻ തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം നൽകി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ്** **പുറപ്പെടുവിക്കുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJA P S

ADDITIONAL SECRETARY

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്,തിരുവനന്തപുരം .
3. ശ്രീ.ഇ.ആർ.സുനിൽകുമാർ, ക്ലർക്ക്, റിജിയണൽ ഡപ്യൂട്ടിഡയറക്ടറുടെ കാര്യലയം,കൊല്ലം (ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖേന).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ഓഡിറ്റ്), കേരള, തിരുവനന്തപുര,
5. വിവര പൊതുജന സമ്പർക്ക വകുപ്പ് .
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.